



# ആരോഹി

**ലിറ്റിൽ കൈറ്റ്സ്, ഡിജിറ്റൽ മാഗസിൻ**

**പി.ആർ.എം. കൊളവല്ലൂർ ഹയർസെക്കന്ററി സ്കൂൾ**



കൊളവല്ലൂർ

18-01-19



## സന്ദേശം

വിജ്ഞാനത്തിന്റെ പുതുമേഘലകൾ തേടി അനുദിനം പറന്നുയരുന്ന ശാസ്ത്ര സാങ്കേതികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളാനും വിദ്യാർത്ഥികൾക്ക് പകർന്നു നൽകുവാനും ലിറ്റിൽ കൈറ്റ്സ് വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്.കുട്ടികളുടെ സർഗാത്മക ചിന്തകൾ ഡിജിറ്റൽ രൂപത്തിൽ ഇതൾ വിരിയുന്ന ഒരു മാഗസിൻ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്നു എന്നതിൽ ഏറെ സന്തോഷമുണ്ട്. ആരോഹി എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന മാഗസീന് ഹൃദയനിർഗതമായ ആശംസകൾ നേരുന്നു.

ഡിജിറ്റൽ മാഗസിന്റെ ഓരോ താളുകളും വിജ്ഞാനത്തിന്റെ,ഒരുമയുടെ, സാഹോദര്യത്തിന്റെ,നന്മയുടെ പൂക്കൾ വിരിയിക്കുമെന്ന ആത്മ വിശ്വാസത്തോടെ....

വി.കെ.സ്മിത

പ്രധാനധ്യാപിക

പി.ആർ.എം.കൊളവല്ലൂർ ഹയർ സെക്കന്ററി സ്കൂൾ

# സന്ദേശം

പ്രിയരേ,

പി.ആർ.എം.കൊളവല്ലൂർ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അഭിമാനവും സന്തോഷവുമുണ്ട്.വിവര വിനിമയ സാങ്കേതിക രംഗത്തെ നൂതന പ്രവണത ഉൾക്കൊണ്ട് മുൻപേ പറക്കുന്ന പക്ഷികളാകാൻ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്ക്കരുത്തുപകരുമെന്ന ആത്മവിശ്വാസത്തോടെ.........

അഹമ്മദ്

പി.ടി.എ.പ്രസിഡന്റ്

പി.ആർ.എം.കൊളവല്ലൂർ ഹയർ
സെക്കന്ററി സ്കൂൾ

കൊളവല്ലൂർ
18-1-2019

# പ്രകൃതി

**കവിത**

മാനവ സമൂഹം ഏക സ്വരത്തിൽ മൊഴിയുന്നു
ഇത് മിഥ്യയല്ല
കാലത്തിന്റെ ഏകാന്തമായ
യാമങ്ങളിൽ  എന്നും-
നിലകൊള്ളുന്ന ആ സത്യം
പ്രകൃതി-
ദൈവത്തിന്റെ വികൃതിയോ
അതോ വരദാനമോ-
ദുരാഗ്രഹത്തിന്റെ അന്ധകാരച്ചുഴിയിൽ
അകപ്പെട്ടു പോയ ഒരു പറ്റം
മനുഷ്യസമൂഹം
പ്രകൃതി സംരക്ഷകരോ അതോ ഘാതകരോ?
സൗന്ദര്യത്തിന്റെയും താള ലയ-
ഭാവനയുടെയും പ്രതീകം
എണ്ണിയാലൊടുങ്ങാത്ത കിളികളുടെയും
പക്ഷിമൃഗാദികളുടെയും
സ്വരമാധുരിയിൽ അലിയുന്ന
സംഗീതസാന്ദ്രമായ വിസ്മയലോകം
മഞ്ഞ്പുതയ്ക്കുന്ന താഴ്വരകളും
കുണുങ്ങി ഒഴുകുന്ന അരുവികളും
കൂടിച്ചേർന്ന ഒരു
നിത്യ വസന്ത സുഹാസിതയല്ലോ
നമ്മുടെ ഈ പ്രകൃതി-
എങ്കിലും
ആധുനികസംസ്കാരത്തിന്റെ
പരിഷ്കൃത കാഴ്ച്ചപ്പാടിൽ
ദൈവം കനിഞ്ഞ് നൽകിയ
ഈ അനുഗ്രഹിത വരദാനം
നാം സംരക്ഷിക്കുകയാണോ
അതോ
കരിപുരണ്ട  ദുഷിച്ച കാഴ്ച്ചപ്പാടിൽ
നാമിതിനെ  നശിപ്പിക്കുകയോ?

**ഷിഫ ഫാത്തിമ**

# നീലക്കുറിഞ്ഞിയുടെ താഴ്വരയിൽ

അന്ന് ആ അത്ഭുതദൃശ്യം കാണാൻ നീലഗിരിതാഴ്വരയിൽ എല്ലാവരും സന്നിഹിതരായിരുന്നു. 12 വർഷത്തിൽ ഒരിക്കൽ മാത്രം വന്നണയുന്ന മനോഹരദൃശ്യം.

നീലഗിരി താഴ്വര നീലക്കുറിഞ്ഞി പൂക്കളാൽ നിബിഢമായിരുന്നു. നീലാകാശം തന്റെ നീലിമ മുഴുവനും താഴ്വരയ്ക്ക് കടം കൊടുത്തതാണോ എന്ന് പോലും ഞാൻ സംശയിച്ച് പോയി.

അങ്ങനെയിരിക്കെ എന്റെ കണ്ണുകൾ ഒരു കുഞ്ഞുകുട്ടിയിൽ പതിഞ്ഞു.അവളെ കണ്ടാൽ ഒരു പത്ത് വയസ്സ് മതിയ്ക്കും.നീലക്കുറിഞ്ഞിപ്പൂവിന്റെ ഇതളുപോലുള്ള നല്ല വിടർന്ന കണ്ണുകൾ. അവളുടെ മുഖത്ത് നിഷ്കളങ്കതയുടെ ഒരു തിളക്കം പ്രസന്നമയിരുന്നു. അവളുടെ പേരെന്തെന്നോ നാടേതെന്നോ എനിക്ക് അപരിചിതമായിരുന്നു. എങ്കിലും അവളെന്നെ വല്ലാതെ ആകർഷിച്ചു. അവൾ ഒരു കുഞ്ഞു പൂമ്പാറ്റയെ പോലെ അവിടമാകെ പാറിനടക്കുകയായിരുന്നു.

താഴ്വരയുടെ അകലങ്ങളിലേക്ക് ഓടാൻ തുനിഞ്ഞ അവളുടെ കരങ്ങളിൽ മറ്റൊരു കരം വന്നണഞ്ഞു. അവളുടെ അമ്മയുടെ ലാളനയോടുള്ള കരങ്ങളായിരുന്നു അത്. അമ്മ അവളെ അവിടെ നിന്ന് കൂട്ടിക്കൊണ്ട് വന്നു. എന്നിട്ട് ഒരു താക്കീതും നൽകി .

" മോളെ , അങ്ങ് ദൂരേയ്ക്കൊന്നും പോകരുത് . ദുഷ്ടമൃഗങ്ങളും മനുഷ്യരുമൊക്കെ നിന്നെ പേടിപ്പെടുത്തും "

മടിയോടെ അവൾ അമ്മയോടൊപ്പം നടക്കുന്നു.അവളുടെ മനസ്സ് മുഴുവൻ നിലഗിരി താഴ്വരയായിരുന്നു.പിന്നിലേക്ക് നോക്കിക്കൊണ്ടായിരുന്നു അവൾ നടന്നകന്നത്.അധികം വൈകാതെ ഞാനും അവിടെ നിന്ന് മടങ്ങി.

രാത്രിയോടെ ഞാൻ അവിടടുത്തുള്ള റിസോർട്ടിൽ അഭയം തേടി. അവിടെ വച്ച് അവിചാരിതമായി ഞാൻ വീണ്ടും അവളെ കണ്ടുമുട്ടി. അവളെന്നെ നോക്കി ഒന്ന് മന്ദഹസിച്ചു.പിന്നീട് ഞാനെന്റെ മുറിയിലേക്ക് പോയി.ബാൽക്കണിയിൽ ഇരുന്നാൽ നീലഗിരി താഴ്വരയുടെ മനോഹരിത ആസ്വദിക്കാമായിരുന്നു. നിശയുടെ നിലാവെളിച്ചം താഴ്വരയെ അതിമനോഹരമായിതീർത്തിരുന്നു. ഉറക്കത്തിന്റെ ആലസ്യം എന്നെ അവിടെ നിന്നും പിടിച്ചെഴുന്നേൽപ്പിച്ചു

പിറ്റേ ദിവസം പ്രഭാതം പൊട്ടിവിടർന്നത് ഒരു അശുഭവാർത്തയും കൊണ്ടായിരുന്നു.അരുടെയോക്കെയോ ദീനരോദനങ്ങൾ ഉറക്കിനെ ഞെട്ടിയുണർത്തി. എന്റെ ആ നിലഗിരി സുഹൃത്തിനെ കാണാനില്ല.ബന്ധുക്കളൊക്കെ അവളെ തിരഞ്ഞ് പരക്കം പായുകയായിരുന്നു.ഞാനും അവരുടെ തിരച്ചലിൽ പങ്കു ചേർന്നു.കുറച്ചു ദൂരംപിന്നിട്ടപ്പോൾ ഒരിടത്ത് കുറച്ച് പേർ കൂടിയിരിക്കുന്നത് കണ്ട് ഞങ്ങൾ അവിടേക്ക് പാഞ്ഞു.ഒരു അരുവിയുടെ തീരത്ത് അവളു ചേതനയറ്റ ശരീരമായിരുന്നു ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്.ആ കണ്ണുകളുടെ തിളക്കം അസ്തമിച്ചിരുന്നു.പട്ടു പോലുള്ള അവളുടെ കവിളിൽ നഖങ്ങളുടെ പാടുകൾ

മാത്രം അവശേഷിച്ചിരുന്നു.അങ്ങനെ ഒരു ദൃശ്യം കാണാൻ ഇടയാക്കിയതിൽ ഞാനെന്റെ കണ്ണുകളെ തന്നെ സ്വയം ശപിച്ചു.താഴ്വരയുടെ ഭംഗി അവളെ വല്ലാതെ ആകർഷിച്ചതും രാത്രിയിൽ ആ ഭംഗി ഇവിടേക്ക് വരാൻ പ്രേരിപിച്ചതുമാകും അവളുടെ മരണത്തിനിടയാക്കിയത്.

മൃഗങ്ങളുടെ ക്രൗര്യമാർന്ന മനുഷ്യ ചെന്നായ്ക്കൾ പിച്ചിച്ചീന്തിയ അവളുടെ ശരീരം മറ്റൊരു കൊഴിഞ്ഞ നീലക്കുറിഞ്ഞിയായി വിറങ്ങലിച്ചു നിന്നു.

**അക്ഷര**

<u>**നോവുന്ന മനസ്സുമായി**</u>

നോവുന്ന മനസ്സുമായി....
വിങ്ങി പൊട്ടിടുന്നവൾ.....
ഏകാന്തതയുടെ മടിത്തട്ടിൽ
അലോസരം സൃഷ്ടിക്കുന്ന മൂകതയും കൂടെ,

അനുഭവിച്ച് തീർക്കുന്നു അവൾ,
രുചിച്ചറിയുന്നു.
അവളുടെ വേദന സ്വയമേവ,
തീർക്കുന്നവൾ,
അതെ,

അവളറിയാതെ അവളുടെ-
ചലനത്തെ നിരീക്ഷിച്ചവരെ അവളറിഞ്ഞില്ല ,
അവളുടെ ഓരോ പോക്ക് വരരവും ,
അവരുടെ കണ്ണിലൂടെയായിരുന്നെന്നതും അവളറിഞ്ഞില്ല.

അറിഞ്ഞില്ല , എന്നല്ല അവളത് -
വിശ്വസിച്ചില്ല , എന്നതാണ് ഉചിതം ,
കാരണം ഓരോരുത്തരും
അവൾക്ക് അവരുടെ രക്തമായിരുന്നു.
താനറിയാതെ തന്നെ നിരീക്ഷിച്ചവരോട്
ഒരു വാക്ക് എതിർക്കുമ്പോഴേക്കും.
അവളെ അവർ കൊണ്ടു പോയി ,
അവരുടെ ലോകത്തേക്ക്.
അറിഞ്ഞില്ല അവൾ അവളെന്ത് തെറ്റ്-
ചെയ്തെന്ന്.
ഇത്ര വലിയ ക്രൂരത ചെയ്ത് എന്നെ -
ഇല്ലാതാക്കാൻ ഞാൻ എന്ത് തെറ്റ് ചെയ്തു?
ചെന്നായക്കൂട്ടത്തിൽപ്പെട്ട ആട്ടിൻ -
കുട്ടികളെ പോലെ പിടഞ്ഞ്-
തീരുമ്പോഴും അവളത് അ -
വരോട് ചോദിച്ചു.

അതെ , നീയൊരു പെണ്ണാണ്,
പുരുഷരെന്ന പൗരുഷരുടെ -
ദേഹളച്ഛ..പെട്ടി,
ഇല്ലാത്തപേരിൽ അവർ -
അവരുടെ കാമം തീർക്കുമ്പോഴും ,
അവരറിഞ്ഞില്ല , ഒരുപക്ഷേ -
ഇവൾ നാളയുടെ വാഗ്ദാനമാണ് ,
ഇങ്ങനെയുമുണ്ടോ മനുഷ്യർ !
ഇതെന്ത് ജീവി ?
എന്ന് അതിശയിച്ച്
തെളിവായി നമുക്ക് നിരത്താം.
ഈ , ഹിംസകർ
വലിച്ചെറിയപ്പെട്ട നമ്മുടെ ഓമനകളോ ,

കാശ്മീരിൽ നിന്ന് പാറിപ്പറക്കുന്ന
മഞ്ഞിൻ മടിത്തട്ടിലായി -
കളിച്ചു വളരുന്ന നമ്മുടെ കൊച്ച -
നുജത്തി "ആസിഫ".

ദാരിദ്ര്യത്തിന്റെ കൊടും ചൂടിൽ
കഷ്ടപ്പെട്ട ,ആ ഇരുട്ടുമുറിയിൽ
വെന്തുരുകിയ , "ജിഷ".
ഇങ്ങനെ നിരത്താം നമുക്ക് ,
അനവധി , നിരവധി പേരുകൾ ,
ഈ പേരുകൾ ഒന്നും നാം മറന്ന്-
കാണില്ല ,
മനുഷ്യത്വം ഉള്ളവർക്ക് മറക്കാൻ -
പറ്റില്ല എന്നതാണ് വാസ്തവം ,
ഇല്ല , പെണ്ണേ , ഇല്ല

*സായന്ത്*

# My precious days

I am so blessed  to be a part of this school,
it feels like  being in the heaven.
Happiness is showered  here,
which is hard to find  everywhere.
Now my aim has a new shine,
and i have a potentiality to make it mine.
The years stayed here.
were all to fulfill my dream and wish.
After being for a long time here,
now it's the last time to recall our memories.
Being a part of this institution,
I feel myself being in the garden of ambitions.
I hope once again i want to experience,
the magic of the Institution.

By
Nidhin

# കാലം

എന്നുമെൻ ഹൃദയത്തിനാമ്പുകളിൽ
ഓർക്കുന്നുമെൻ ബാല്യം
വിരഹത്തിന്റെ  മഞ്ഞ് മലകളാൽ
എന്നിൽ നിന്നടർത്തി മാറ്റിയ
ആ മഹാസാഗരം

എന്തായിരുന്നു?
അമിഞ്ഞപ്പാലിന്റെ

ഗന്ധം വിട്ടുമാറാത്ത-
നിഷ്കളങ്കതയുടെ കൊട്ടാര വാതിലിൽ

ആലിലപോലുള്ള മനസ്സുമായി,
കാലത്തിന്റെ യഥങ്ങളിൽ
ഒരു പിടി പുത്തൻ പ്രതീക്ഷകളുമായി

ഞാനുമുണ്ടായിരുന്നു.
എന്നാൽ
കൗമാരമെന്ന മഹാസാഗരം എന്നിലേക്ക്
അലയടിക്കുമ്പോൾ

ഞാൻ ഞാനായി മാറിയോ?

അതോ?
ബാല്യത്തിന്റെ കുസൃതികൾ വിട്ടുമാറാത്ത
അമ്മത്തൊട്ടിലേക്ക് ചാഞ്ഞ് പോകുന്ന
ഒരു പെൺതരിപ്രാവായി

ഒതുങ്ങിപ്പോവുമോ?

ഹരിനന്ദന

# അഗ്നിച്ചിറകുകൾ

ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന ശ്രീ.എ.പി.ജെ അബ്ദുൾ കലാമിന്റെ ആത്മകഥയായ അഗ്നിച്ചിറകുകൾ ഈയിടെ ഞാൻ വായിക്കുകയുണ്ടായി.ഒഴിവു കാലം  ചടഞ്ഞിരിക്കാനൊരു പുസ്തകം മാത്രമായിരുന്ന അത് ആദ്യമെനിക്ക്.പിന്നീട് അതെന്റെ പ്രിയപ്പെട്ടതായി. ആത്മകഥയുടെ ആത്മീയ സത്യങ്ങളിലൂടെ ഞാൻ കടന്നു പോയി.അപ്പോഴാണ് അത് സമൂഹത്തിൽ  എത്രത്തോളം പ്രശസ്തിയാർജിച്ചതാണെന്ന് ഞാൻ  മനസ്സിലാക്കിയത്. ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ കീഴിൽ ഒരു ദശാബ്ദകാലത്തിലേറെ പ്രവർത്തിച്ച അരുൺ തിവാരി  എ.പി.ജെയുടെ വാക്കുകളിൽ നിന്ന് അദ്ദേഹത്തിന്റെ ആത്മകഥ രചിക്കുകയാണ് ചെയ്തത്.തമിഴ് നാട്ടിലെ രാമേശ്വരത്ത്  ഒരു സാധാരണ മുസ്ലീം കുടുംബത്തിൽ ജനിച്ച അവുൽ ജൈനുലാബ്ദീൻ അബ്ദുൾ കലാമിന്റെ സാധാരണ കുട്ടിയുടെ ഉയർത്തെഴുന്നേൽപ്പിന്റെയും വ്യക്തിപരവും ഔദ്യോഗികകരവുമായ പോരാട്ടങ്ങളുടെയും കഥയാണിത്. അദ്ദേഹത്തിന്റെ ബാല്യകാലം കഷ്ടപ്പാടു കളുടേതായിരുന്നു.വളരെ ദൂരം നടന്നുചെന്ന് ഗുരുവിന്റെ  മുഖത്തു നിന്നു നേടിയ വിദ്യാഭ്യാസം.അതിരാവിലെ പത്രവിതരണം, പിന്നെ സ്കൂൾ .അതു കഴിഞ്ഞു വന്നും ചില വ്യാപാരങ്ങൾ ഇങ്ങനെ പഠനവും തൊഴിലും ഒന്നിച്ചു  കൊണ്ടു പോകേണ്ട അവസ്ഥ.പിന്നീട് തിരുപ്പാച്ചിയിലെ  'സെന്റ് ജോസഫ്കോളേജിൽ നിന്ന് ബിരുദം.മദ്രാസ് ഇൻ- സ്റ്റിറ്റ്യൂട്ട് ഓഫ് ടെക് നോളജിൽ പ്രത്യേക പരിശീലനം. പിന്നീടങ്ങോട്ടുള്ളത് ഇൻഡ്യൻ ഡിഫൻസിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു.ആ മഹാന്റെ 1931 മുതൽ 1963 വരെയുള്ള അനുഭവസമ്പത്തായ ഇത് എത്രയോ പെട്ടെന്ന് വായനക്കാരന്റെ മനം കവരുന്നു. തെളിഞ്ഞ ചിന്തയുടെയും ജ്ഞാനത്തിന്റെയും ശബ്ദമാണ് ഈ കൃതി പകർന്നു തരുന്നത്.ഭാരതത്തിലെ സാധാരണക്കാരോടൊപ്പം ചേർന്നു നിൽക്കാനും അവരുടെ വികാരങ്ങൾ പങ്കുവയ്ക്കാനും ഉള്ള മനസ്സ് എങ്ങനെ ഈ പ്രതിരോധ വിദഗ്ധനിൽ ഉണ്ടായി എന്ന് ഈ ആത്മകഥ നമ്മെ ബോധ്യപ്പെടുത്തുന്നു.ഒരു രാജ്യത്തെ പ്രതിരോധത്തിൽ ഏറ്റവും മുൻപന്തിയിൽ എത്തിക്കാൻ പ്രയത്നിച്ചഈ മനസ്സ് എന്തുകൊണ്ട് തത്വചിന്താഭരിതം കൂടിയായി എന്നും അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ നാം അറിയുന്നു.ദുരന്തങ്ങൾ താണ്ടി ശത്രു സംസ്കാരം നടത്തുന്ന മിസൈലുകൾക്ക് രൂപകൽപ്പന ചെയ്യുന്ന ധിഷണയ്ക്ക് ആത്മീയതയുടെ അഗ്നിനിറച്ച കവിതകൾ എങ്ങനെ വഴങ്ങി എന്നതും നാം പഠിക്കുന്നു.'സ്വപ്നം കാണുക'എന്ന് നമ്മോട്  പറയുവാൻ ഉന്നതങ്ങളിലേക്ക് ഭൂമിയിൽ നിന്ന് പറന്നുയരുന്ന എ.പി.ജെയുടെ സ്വപ്നങ്ങൾക്കേ കഴിയൂ.

# മുത്തശ്ശിയുടെ നൊമ്പരങ്ങൾ

<u>ചെറുകഥ</u>

സ്കൂളടച്ചു.ഗ്രാമം വിട്ട് അകലെ ജോലി ചെയ്യുന്ന അച്ഛന്റെയും അമ്മയുടെയും ഒപ്പം നിന്ന് പഠിക്കുന്ന ഉണ്ണിക്കുട്ടന് പട്ടണ ജീവിതം മടുത്തിരുന്നു.അവന്റെ കളിക്കളങ്ങളും കളിത്തോഴരും മാഞ്ചോട്ടിലെ കളിപ്പന്തലും കുളിച്ചു രസിക്കുന്ന തോടും നിറഞ്ഞ സ്വന്തം ഗ്രാമത്തിലേക്ക് ഈ മടക്കയാത്ര അവധിക്കാലത്തേക്ക് മാറ്റി ഒതുങ്ങുന്ന താണെങ്കിലും ഉണ്ണിക്കുട്ടന്റെ മനസ്സിൽ ആയിരം വസന്തങ്ങൾ വിരിച്ചിരുന്നു.അവന് ഏറ്റവും പ്രിയം ആ പഴയ വീട്ടിലെ മുത്തശ്ശിയാണ്.അച്ഛനും അമ്മയും ചേച്ചിയും ബന്ധുവീടുകളിലെ സന്ദർശനവും ഷോപ്പിങ്ങും സിനിമയും സർക്കസ് കൂടാരവും ഒക്കെയായി കഴിയുമ്പോഴും ഉണ്ണിക്കുട്ടൻ എങ്ങും പോവാതെ അമ്മൂമ്മയുടെ കൂടെ ചുറ്റിപ്പറ്റികൂടും.കാരണം അമ്മൂമ്മയുടെ  ഓർമ്മയാകുന്ന മടിശ്ശീലയിൽ നിന്നും ഉതിർന്നു വീഴുന്ന കഥാശകലങ്ങളോളം ആനന്ദം പകരുന്നവയായിരുന്നില്ല, ഉണ്ണിക്കുട്ടന് അതൊന്നും.

അമ്മുമ്മയുടെ വാക്കുകളിൽ പലപ്പോഴായി കടന്നു വരുന്ന നഷ്ടപ്പെടലിന്റെയും അസംതൃപതിയുടെയും വാക്കുകൾ ,അവയുടെ കാരണങ്ങൾ ഉണ്ണിക്കുട്ടനെ എപ്പോഴും ചിന്തിപ്പിക്കും. അമ്മൂമ്മയുടെ കൂടെ പറമ്പിലൂടെ നടക്കുമ്പോൾ കിട്ടിയ മാമ്പഴങ്ങൾ രുചിക്കവെ അമ്മുമ്മ പറയുന്നു.'ഇതിനൊന്നും ഒരു രുചിയില്ല്യ'.'അമ്മുമ്മയ്ക്ക് വെറുതെ തോന്നുന്നതാ 'ഉണ്ണിക്കുട്ടൻ അഭിപ്രായപ്പെടുമ്പോൾ അമ്മുമ്മ തറപ്പിച്ച് പറയും "അല്ലുണ്ണീ സത്യാ ഞാമ്പറയണത്"നിന്റച്ഛൻ മാവിന് രാസവളം കൊടുക്കുന്നതും മാമ്പൂവിന് കീടനാശിനി തളിക്കുന്നതും നീ കണ്ടിട്ടില്ല്യേ...

ഉണ്ണിക്കുട്ടന്റെ കൺകളിൽ ഉത്തരം കിട്ടിയതിന്റെ ആശ്വാസം,ഒപ്പം ഉത്കണ്ഠയും.പറമ്പോട് ചേർന്ന് കിടക്കുന്ന വിശാലമായ കുന്നിപ്പറമ്പ് നോക്കി നെടുവീർപ്പിടുന്ന അമ്മുമ്മയോട് ഉണ്ണി തിരക്കി,എന്തേ അമ്മൂമ്മേ ....?  ഈ കുനിപ്പറമ്പ് പണ്ട് വിശാലമായ വയലായിരുന്നു .നമുക്ക് ആണ്ടോടാണ്ട് തിന്നാനുള്ള നെല്ല് ഇവിടുന്ന് കിട്ടുമായിരുന്നു.ഒക്കെയും മണ്ണിട്ട് നികത്തി നിന്റച്ഛൻ തെങ്ങും കവുങ്ങും വച്ചുപിടിപ്പിച്ചു .ഞാനെത്ര വിലക്കിയതാ.കേൾക്കേണ്ടേ അവൻ. പരൽമീനുകൾ കളിക്കാറുണ്ടായിരുന്നു ആ വയലത്ത്.കോരിച്ചൊരിയുന്ന മഴക്കാലത്താ തവളകളുടെ താളാത്മകമായ കരച്ചിൽ കൗതുകം തന്നെയായിരുന്നു.എല്ലാമിന്ന് സ്വപനം മാത്രമായെന്റുണ്ണ്യേ."ഹോ!മുത്തശ്ശീ-കല്ല് കാലിൽ തട്ടി.ശ്രദ്ധിച്ചു നടക്കണ്ടേ ഉണ്ണിയേ ." "മുറിവുണ്ടായോ,ഹോ ചോരവരുന്നുണ്ടല്ലോ..."തൊട്ടാവാടി കിട്ടിയാ മതിയായിരുന്നു. ഇവിടെയെങ്ങും കാണുന്നില്ലല്ലോ? രാസവളവും കീടനാശിനിയും പ്രയോഗിച്ചതിനാൽ എല്ലാം പോയി.

വിനയ

# സ്വപ്നം

ഓ... എന്റെ സ്വപ്നമേ
നീ എത്ര അകലെ
നീലാകാശത്തിലാണ്
നക്ഷത്രങ്ങൾക്കു പിന്നിൽ
ഒളിച്ചിരിക്കുന്ന നിന്നെ
ഒരു ദിവസം ഞാൻ എന്റെ
കൈകുമ്പിളിലാക്കും
എത്രയും പെട്ടന്ന് ഞാൻ
നിന്നെ സ്വന്തമാക്കും
നാളത്തെ സൂര്യോദയത്തിൽ
നീയെന്റെ കൈയിലാകും
അപ്പോൾ നീ ഒരു
പൊട്ടാത്ത പളുങ്കുപാത്രം
എന്റെ ചില്ലലമാരയിൽ
സ്ഥാനം പിടിക്കണമെന്ന്
മാത്രമാണെന്റെ പ്രാർത്ഥന

മേഘ്ന

# നൊമ്പരപ്പൂവ്

പതിവുപോലെ അപ്പുതൊടിയിലേക്കിറങ്ങി.ഇന്നലെ അവനെ നോക്കി ഒരിളം പുഞ്ചിരിയോടെ ചിരിച്ചു നിന്ന റോസ് ഇന്ന് തല ഉയർത്തി ചെറു ഗമയോടെ നിൽക്കുന്നു.അപ്പു അതിനെ തന്റെ മൃദുലമായ കൈകൾ കൊണ്ട് സ്പർശിച്ചു. അവനതിനോടെന്തൊക്കെയോ സംസാരിക്കണമെന്ന തോന്നി.

"അപ്പു നീ എന്തെടുക്വാ അവിടെ നിന്ന്,ഇങ്ങ് കേറിപോര് കുട്ട്യേ ചാറ്റൽ മഴയുണ്ട്." ഉമ്മറക്കോലായിൽ നിന്ന് വെറ്റില മുറുക്കുന്നതിനിടെ മുത്തശ്ശി വിളിച്ചുപറഞ്ഞു.

അപ്പോഴേക്കും ഉമ അടുക്കളയിൽ നിന്ന് വന്നു."അപ്പു ,ഇന്നലെ രാത്രി നീ ഒരു പോളക്കണ്ണടച്ചിട്ടില്ല.ചുമയും, ജലദോഷവും നല്ല പൂരം തന്നെയായിരുന്നു. പോരാഞ്ഞിട്ട് വീണ്ടും മഴകൊള്ളുന്നു.നിന്നെ ഇന്നു ഞാൻ. "ഉമ ഒരു കമ്പുമെടുത്ത് അവന് നേരെ ഓടി.അപ്പു പടിക്കലേക്കൊറ്റയോട്ടം."യ്യോ.... എന്താ അപ്പു ഈ കാട്ടണെ ഇപ്പം വീണേനെ."അത് അപ്പുവിന്റെ മുത്തശ്ശിയായിരുന്നു.

"മുത്തശ്ശാ അമ്മയെന്നെ വഴക്കു പറഞ്ഞു.അവൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു."

"ഓ... അവന്റെ ഒരു കിന്നാരം നിന്നെ വഴക്കു പറയല്ല വേണ്ടെ... നല്ല ചുട്ടരണ്ടടി തര്യാ വേണ്ടേ.എന്നാലെ നീയൊക്കെ പഠിക്കൂ."ഉമ ദേഷ്യം സഹിക്കവവയ്യാതെ പറഞ്ഞു.

"എന്താ, എന്താ മോളെ ഉണ്ടായത്."മുത്തശ്ശൻ ചോദിച്ചു. "അച്ഛാ ഇവനെയും ഇവന്റെ ഏട്ടനേയും ഞാനെങ്ങനാ നോക്കി വളർത്തണേന്നെനിക്കേ അറിയൂ. അച്ഛനില്ലാത്ത ദുഃഖം ഇന്നെവരെ ഇവരെ അറിയിക്കാതെ ഒരു കുറവും കൂടാതെ വളർത്ത്വാ ഞാൻ.എന്നാൽ ഞാനെങ്ങനയാ രണ്ടിനേയും വളർത്തണേന്നുള്ള ബോധോണ്ടോ കുട്ട്യോൾക്ക്"ഉമയുടെ കണ്ണിൽ നിന്ന് കണ്ണീർ ഒഴുകി."പാവം ന്റെ കുട്ടീടെ സങ്കടപ്പാട്"മുത്തശ്ശി മുത്തശ്ശനെന്നപോലെ പറഞ്ഞു. വയ്യാത്ത നമ്മളേം നോക്കിയല്ലേ അവൾ അവളായതുകൊണ്ടാ നമ്മളൊക്കെയിങ്ങനെ ഇരിക്കണേ. മുത്തശ്ശന്റെയും കണ്ണ് നിറഞ്ഞു.അപ്പോഴെക്കും പതിവുപോലെ ഗുസ്തിയുടെ ശബ്ദകോലാഹലം.അപ്പുവും ശശിക്കുട്ടനും.ഇല്ല....ഞാൻ തരില്ല.... അമ്മേ ദേ ഈ ഏട്ടൻ. എനിക്ക് ഓലപ്പീലി തരിണില്ലമ്മെ....അപ്പു വിളിച്ചു കൂവി."ഹൊ എന്റെ കൃഷ്ണാ.... ഈ പിള്ളേരെ കൊണ്ടു ഞാൻ സഹികെട്ടു.എടാ ശശിക്കുട്ടാ നീ അതങ്ങ് കൊടുത്തേര്. നീ എന്താ കൊച്ചു കുട്ട്യാന്നാ വിചാരം? നിന്റെ ഇളേതല്ലെ അവൻ നീ അതങ്ങ് കൊടുക്ക്.നിനക്ക് ഞാൻ ഇന്നാള് പറഞ്ഞബോള് വാങ്ങിത്തരാം."ഉമ വഴക്ക് തീർക്കാൻ ഒരു സൂത്രം പ്രയോഗിച്ചു.ഇതു കേട്ടതും ശശിക്കുട്ടൻ ഓലപീപ്പി അപ്പുവിന് നീട്ടി.എന്റീശ്വരാ സമയം 8 മണി കഴിഞ്ഞു.ഇപ്പം ശാരദച്ചേച്ചി വിളിക്കും 8 മണിക്ക് ഞാനങ്ങ്ട് വരാന്ന് പറഞ്ഞതായിരുന്നു.ഉമ ഇറങ്ങാൻ ഒരുങ്ങി.

ഉമേ...ഉമേ...എത്ര നേരായിന്നോ ഞാനിവിടെ കാത്ത് നിൽക്കണ്.വാതു-
ക്കൽ നിന്ന് ശാരദച്ചേച്ചിയുടെ ശബ്ദമുയർന്നു.അവളിറങ്ങി.
ഇറങ്ങുമ്പോൾ മുത്തശ്ശി വിളിച്ച ചോദിച്ച.''നീ ഒന്നും കഴിക്കാതെയാണൊ പോണെ
....ഇന്നാള് പണിസ്ഥലത്തുന്ന് തലകറങ്ങണുന്നും പറഞ്ഞല്ലേ വന്ന് ഇത്തിരി ചായ
വെള്ളമെങ്കിലും കുടിച്ചിട്ട് പോട് ന്റെ കുട്ട്യേ.''വാതുക്കൽ നിന്നും ഉമയുടെ മറുപടി
“നേരെല്ല്യമ്മേ ഇപ്പൊ തന്നെ വൈകി. അടുക്കളേല് ദോശ ചുട്ട് വച്ചിട്ടുണ്ട് എടുത്ത്
കഴിക്കാൻ പറാ അവരോട്. പിന്നെ അമ്മേടെ കഷായം മേശപ്പുറത്തിരിപ്പുണ്ട്
കഴിക്കാൻ മറക്കണ്ട.''ഇതും പറഞ്ഞ് ഉമ ഇറങ്ങി.
“അല്ലേ അവളെ പറഞ്ഞിട്ടെന്താ കാര്യം അവളൊരുത്തിനയിച്ചിട്ടു വേണ്ടേ
ഈ കുടുംബം പോറ്റിവളർത്താൻ.ന്റെ ഈശ്വരാ...ന്റെ കുട്ട്യേഎന്താ ഇങ്ങനെ
പരീക്ഷിക്കണേ...''ഇതൊന്നും നിക്ക് കാണാനും വയ്യ കേൾക്കാനും വയ്യ.അതിനു
മുമ്പ് എന്നെ അങ്ങര്യം അങ്ങ് എടുത്തേക്കണെ കൃഷ്ണാ...മുത്തശ്ശി ആരോടെന്നില്ലാതെ
പറഞ്ഞു.
സമയം 9 മണിക്ക് ശാരദച്ചേച്ചിയും ഉമയും ധൃതി കൂട്ടി പണിസ്ഥലത്തെത്തി. അപ്പോ-
ഴേക്കും ജോലി തുടങ്ങിയിരുന്നു.നാണു മേസ്തിരി നല്ല ചൂടിലാണ് ഇവർ രണ്ടു പേരും
മേസ്തിരിയുടെ അടുത്തേക്ക് നീങ്ങി.''ഓ....രാജകുമാരിമാർ എഴുന്നള്ളിയോ...നടന്ന്
ക്ഷീണിച്ചിട്ടുണ്ടാവും ഇരുന്നാലും”അത് മേസ്തിരി ഒന്നാക്കിയതാണെന്ന് അവർക്ക്
മനസ്സിലായിരുന്നു.മേസ്തിരി വേറെന്തെങ്കിലും പറയുന്നതിന് മുമ്പ് അവർ ജോലി
ആരംഭിച്ചു.''ഞാൻ കാരണം ശാരദച്ചേച്ചിക്കും മേസ്തിരിയുടെ വായിലിരിക്കുന്നത്
കേൾക്കേണ്ടി വന്നില്ലേ.''ഉമ സങ്കടത്തോടെ ചോദിച്ചു.''ഓ അതൊന്നും സാരല്ല്യ പെണ്ണേ,
ഞാനതല്ല ചിന്തിക്കണെ ചെറുപ്രായത്തിൽ തന്നെ ഒരു കുടുംബത്തെ തലേലെടുത്ത്
വച്ചവളല്ലേ നീ. എല്ലാം ദൈവത്തിന്റെ കളിയാ.''ഇതും പറഞ്ഞ് ഇരുവരും പണി തു-
ടർന്നു.സമയം 2 മണി ജോലിക്കാർ ഭക്ഷണം കഴിക്കാൻ ഒരുങ്ങി.ശാരദച്ചേച്ചി നിക്ക്
വല്ലാതെ തലചുറ്റണ് കാല് തറയിൽ തൊടണില്ല്യേ ഇതും പറഞ്ഞ് ഉമ നിലത്തു വീണു.
എന്താ...എന്താ ഉണ്ടായെ എല്ലാവരും ഓടിയെത്തി.ഉമയുടെ മൂക്കിൽ നിന്നു രക്തം
ഒഴുകുന്നതായി ശാരദേച്ചി പറഞ്ഞു.പിന്നെ ഒട്ടും വൈകിയില്ല നാട്ടുകാർ ഉമയേ.ും കൊണ്ട്
ആശുപത്രിയിലേക്ക് കുതിച്ചു.ഹോസ്പിറ്റൽ എത്തുന്നതിനു മുൻപ് ശാരദചേച്ചിയുടെ മടിയിൽ
നിന്ന് ഉമ വിടപറഞ്ഞിരുന്നു.സൂര്യൻ മേഘങ്ങൾക്കിടയിൽ ഒളിച്ചു.ശാന്തമായ
അന്തരീക്ഷത്തോട് വിടപറഞ്ഞ് ഉമ മടങ്ങുകയായിരുന്നു.പിന്നെ ഒട്ടും വൈകിച്ചില്ല അവളുടെ
ചേതനയറ്റ ശരീരം വാര്യത്ത് കൊണ്ടുവന്നു.അപ്പു കൂട്ടുകാരോടൊത്ത് പുഴക്കരയിലേക്ക്
പോയിരിക്കുകയായിരുന്നു.അവൻ മടങ്ങിയെത്തിയപ്പോൾ വാര്യത്ത് നിറയെ
ജനക്കൂട്ടം.അവന് ഒരെത്തും പിടിയുമില്ല.ആ കാഴ്ചകണ്ട് അവൻ നിശ്ചലനായി.തന്റെ അമ്മയുടെ
ശരീരം വെള്ളപട്ടുവസ്ത്രത്തിൽ പുതഞ്ഞിരിക്കുന്നു.അവൻ ഓടി ഉമ്മറത്ത് കയറി.അവിടെ
ശശിക്കുട്ടനും,മുത്തശ്ശനും,മുത്തശ്ശിയും കിടപ്പുണ്ട്.അവനെന്തോപന്തികേടുതോന്നി.അമ്മ
ഉറങ്ങുകയാ അപ്പുവിനെ കൂട്ടാതെ അവൻ തേങ്ങിക്കൊണ്ട് ചേതനയറ്റ ശരീരത്തിൽ

പതിച്ചു.മുത്തശ്ശി അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു.ആ കണ്ണീരിൽ അവ്യക്തമായി അവൻ കണ്ടു രാവിലെ അവൻ കണ്ട തുടുത്ത റോസാപ്പൂവ് അത് വാടികരിഞ്ഞിരിക്കുന്നു.പറയാൻ മുട്ടിനിന്ന വാക്കുകൾ അവന്റെ നെഞ്ചിൽ ഒരു ചുവന്ന നൊമ്പരപ്പൂവായി വിടർന്നു

വിനയ

# മദ്യം കരളിനോട് ചെയ്യുന്നത്

കൊട്ടും ചതി എന്ന് ഒററ വാക്കിൽ പറയാം. രക്തത്തിൽ കലർന്നെത്തുന്ന മദ്യത്തെ വേർതിരിച്ച് കളയുന്നത് കരളിന്റെ ജോലിയാണ്. ഇതിന് പകരം കിട്ടുന്നത് മാരകവിഷസ്തുക്കളാണ് മദ്യം കരളിനുണ്ടാക്കുന്ന കുഴപ്പങ്ങളുടെ ആദ്യപടിയാണ് ഫാറ്റിലിവർ എന്ന രോഗാവസ്ഥ.

കരളിൽ നടക്കുന്നകൊഴുപ്പുവിഘടനത്തെയും അനാവിശ്യകൊഴുപ്പിനെ പുറംതള്ളുന്ന പ്രവർത്തനത്തെയും തടസ്സപ്പെടുത്തും. ഫലമോ കരളിൽ കൊഴുപ്പ് അടിഞ്ഞുകൂട്ടും ഹെപ്പറ്റൈറ്റിസ് സി ബാധിക്കാനും സീറോസിസാകാനും സാധ്യതയേറെ അടുത്തഘട്ടമാകുമ്പോൾ ഉണ്ടാകുന്ന ആൽക്കഹോൾ ഹെപ്പറ്റൈറ്റീസ് ഒരു രോഗമാണ്. ഇതിന്റെ ഫലമായി കരൾകോശങ്ങൾ തകരാറിലാകുന്നു. എൻസൈമുകൾ പലതും ക്രമരഹിതമായി ഉൽപാദിപ്പിക്കപ്പെടുന്നു.

രോഗങ്ങൾക്കൊണ്ടോ അപകടം കൊണ്ടോ കരൾ ദുർബലമായാൽ അതു ശരീരത്തിന്റെ മുഴുവൻ ആന്തരിക പ്രവർത്തനങ്ങളെയും ബാധിക്കും . പ്രവർത്തനം താളംതെറ്റും. കൊഴുപ്പിന്റെ ദഹനത്തിലും ഗ്ലൂക്കോസിന്റെ ആഗിരണത്തിനും പ്രശ്ന്ങ്ങളുണ്ടാകും. രോഗപ്രതിരോധ ശക്തിയുടെ പ്രധാന ഉറവിടങ്ങളാണ് കരൾ. കരളിന്റെ പ്രവർത്തനം മന്ദീഭവിച്ചാൽ പ്രതിരോധ ശേഷി തകരാറിലാകും.

പ്രത്യേകം ഓർമ്മിക്കുക, ഈ രണ്ട് രോഗാവസ്ഥയിലും മദ്യപാനം ഉപേക്ഷിച്ചാൽ കരൾ പതിയെ ആരോഗ്യാവസ്ഥ വീണ്ടെടുക്കും. ഒപ്പം കൃത്യമായ ചികിത്സ കൂടി ഉണ്ടായാൽ മതി.

എത്ര രോഗം വന്നാലും ചിലർ നിർത്തില്ലല്ലോ ? അവരെ കാത്തിരിക്കുന്ന ഗുരുതര രോഗമാണ് ലിവർ സീറോസിസ് ! ഇന്ന് സീറോസീസ് രോഗം മാരകമായി കഴിഞ്ഞു. മദ്യപാനം നിർത്തിയാൽ കൂടുതൽ കുഴപ്പത്തിലെത്താതെ തടയണമെന്നല്ലാതെ കരളിന്റെ പൂർണ്ണമായ് വീണ്ടെടുക്കാൻ സാധ്യമല്ല.

**അനുശ്രീ**

# ദൂരക്കാഴ്ച

**<u>കവിത</u>**

മായുടെ ധവൻ തീർത്ത-
മായാ വിസ്മയത്തിൽ
ജ്യോതിർ ഗോളങ്ങൾ കൺതുറന്നു.
പ്രപഞ്ച വിസ്മയങ്ങൾക്ക്
വിരുന്നൊരുക്കിയവർ
ഭാവനയുടെ ചിറകിൽ
കൗതുകം കണ്ടു-
ചന്ദ്രൻ ഭ്രമണ വീഥിയിൽ
നിറ ചിരിയാൽ നിന്നു.

ഗലീലിയോവിൻ ഗഹനക്കാഴ്ച
ഗഗന വീഥികളിൽ
മേഘ പാളികളിൽ
ചക്രവാള സീമകളിൽ
മാറ്റൊലി തീർത്തു.

ഡാർവിൻ പരിണാമം
ഭൂമിയിൽ ശംഖൊലി മുഴക്കി
ദൂരയുടെ ദൂരക്കാഴ്ചയിൽ
മർത്ഥ്യൻ രമിച്ചപ്പോഴും
ശാസ്ത്രം ആകാശത്ത്
കണ്ണും നട്ടിരുന്നു-
ദൂരമൂത്തവരുടെ വ്യഥയകറ്റാൻ.

പക്ഷികൾ കരഞ്ഞും കലമ്പിയും
വിതുമ്പയും ഭൂമിയിൽ പതിച്ചു
ഭൂഗോളം കീഴ്മേൽ മറിഞ്ഞു,
ആ ഗോളം തപിച്ചു.
ഋതുക്കൾക്ക് ഭേദമില്ലാതായി

നിലാവിന്റെ നാട്ടിൽ
ടെലസ്കോപ്പിൽ സ്കോപ്പുകൾ
നാന്തറാണ്ടിൽ കഥ പറയുമ്പോൾ
നക്ഷത്രങ്ങൾ കണ്ണിറുക്കി.
ടെലസ്കോപ്പിൻ കണ്ണുകൾ നിറഞ്ഞു

കണ്ണീർ ഗോളങ്ങളിൽ
ആകാശ വിസ്മയം ചിരിതൂകി.
ഡാർവിനിസ്റ്റുകൾ
പുതുമ കണ്ട പുഞ്ചിരിച്ചു.

**അമയ**

# രണ്ടാമൂഴം

## ആസ്വാദനക്കുറിപ്പ്

മഹാഭാരതത്തെ അതിജീവിച്ച് എം.ടി.വാസുദേവൻ നായർ എഴുതിയ നോവലാണ്രണ്ടാമൂഴം.ഇതിഹാസ കർത്താവിന്റെ വിരലുകൾക്കിടയിലൂടെ ഊർന്നു പോയജീവിത നിമിഷങ്ങളെ കണ്ടെത്തുകയും അവയെ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്ക് അനുസൃതമായി ചിത്രീകരിക്കുകയുമാണ് എം.ടി.ചെയ്തിട്ടുള്ളത്.ഭീമസേനനെമുഖ്യ കഥാപാത്രമാക്കി,ദേവതുല്യരാക്കി മാനുഷികതലത്തിലേക്കെത്തിക്കാനാണ് എം. ടി.ഈ നോവലിൽ ശ്രമിച്ചത്. വ്യാസഭാരതത്തിൽ അവഗണിക്കപ്പെട്ട ഒരു കഥാപാത്രമാണ് ഭീമൻ.രാജ്യാവകാശത്തിലും പാഞ്ചാലിക്കും രണ്ടാമൂഴക്കാരൻ. എന്നാൽ പോലും രണ്ട് രാജാക്കന്മാരുടെയും സേനാപതികളുടെയും ഇടയിൽ പോലും ഈ രണ്ടാമൂഴക്കാരന് ആസ്ഥാനം ലഭിക്കാറില്ല. അർജ്ജുനൻ സുന്ദരനാണ്. ധനുർവേദത്തിൽ നിപുണനാണ്. എല്ലാവരും അർജ്ജുനനെയാണ് ബഹുമാനിക്കുന്നത്. എന്നാൽ പഞ്ചപാണ്ഡവരുടെ ബലത്തിന്റെ നട്ടെല്ല് ഭീമൻ തന്നെയായിരുന്നെന്ന് വ്യാസൻ വ്യക്തമാക്കുന്നുണ്ട്. ഭീമന്റെ കരബലമാണ് പാണ്ഡവരെ പല അപകടങ്ങളിൽ നിന്നും രക്ഷിച്ചിട്ടുള്ളത്,എന്നിട്ടും വ്യാസൻ പോലും അർഹിക്കുന്ന പ്രാധാന്യം ഭീമന് കഥയിൽ കൊടുത്തിട്ടില്ല. അങ്ങനെ എല്ലാവരും അവഗണിച്ചിരിക്കുന്ന ഭീമനെയാണ് രണ്ടാമൂഴത്തിലൂടെ എം. ടി അവതരിപ്പിക്കുന്ന ത്.മഹാപ്രസ്ഥാനത്തോടു കൂടിയാണ് നോവൽ ആരംഭിക്കുന്നത്. കുരുക്ഷേത്രയുദ്ധം ജയിച്ച് ധർമ്മപുത്രർ രാജ്യം ഭരിച്ചു. അവസാനം രാജ്യം അനന്തരാവകാശികളെ ഏൽപ്പിച്ച് മഹാപ്രസ്ഥാനത്തിന് ഇറങ്ങി.കാടുകളും മലകളും പുഴകളും താണ്ടി വളരെ ദൂരം എത്തിയശേഷമാണ് പാഞ്ചാലിയുടെ പതനം .

ആരും തിരിഞ്ഞ് നോക്കരുതെന്നായിരുന്നു നിയമം. എന്നാൽ ഭീമൻ നിന്നു. ധർമ്മ പുത്രരോട് പാഞ്ചാലി വീണുപോയി എന്നു വിളിച്ചു പറഞ്ഞു. ഉടലോടെ സ്വർഗത്തിലെത്താനുള്ള ആത്മവീര്യം അവൾ നഷ്ടപ്പെടുത്തിയെന്നും അഞ്ചുപേരിൽ അർജ്ജുനനെ മാത്രമേ അവൾ ആത്മാർത്ഥതയോടെ സ്നേഹിച്ചിരുന്നുള്ളുവെന്നും യുധിഷ്ഠിരൻ വിളിച്ചു പറഞ്ഞു. നകുലനും സഹദേവനും ഭീമനെ കടന്ന് നടന്ന് പോയെങ്കിലും ഭീമൻ തിരികെ വന്ന് പാഞ്ചാലിയെ താങ്ങിയിരുത്തി. ഇവിടെ നിന്നും ഫ്ലാഷ്ബാക്ക് പോലെ ഭീമസേനന്റെ ജീവിതം ആഖ്യാനം ചെയ്യുകയാണ്. ഭീമന്റെ വീര പൗരുഷങ്ങൾ സാത്വികനായ ധർമ്മപുത്രരുടെ മുന്നിൽ ചിലപ്പോൾ അമർഷമായി മാറുന്നു. അതേ ഭീമൻ തന്നെ പാഞ്ചാലിയുടെ മുന്നിൽ സ്നേഹത്തിനു വേണ്ടി ഉഴറുന്നു. ഹിഡുംബിയുടെ മുന്നിൽ അത് കാമാസക്തിയായി മാറുകയും ചെയ്യുന്നു.ധർമ്മപു
ത്രർക്കും അർജ്ജുനനും കിട്ടുന്ന അംഗീകാരം തനിക്ക് കിട്ടുന്നില്ലെന്ന് ഭീമന് ചെറുപ്പത്തിലെ

തോന്നിയിരുന്നു.ദ്രൗപതിയിൽ നിന്നു പോലും വേണ്ടത്ര സ്നേഹം കിട്ടുന്നില്ലെന്ന് നിരവധി അവസരങ്ങളിൽ അവന് തോന്നിരുന്നു . ഘടോൽക്കചനെ യുദ്ധത്തിന് അയക്കുന്ന ചതിയുടെ നിമിഷവും സൗഗന്ധിക പുഷ്പം ചവിട്ടി കടന്നു പോകുന്ന അപമാനത്തിന്റെ നിമിഷവും ഭീമന് മറക്കാനാവാത്തതാണ് .ദുര്യോധനാധികളും കൃഷ്ണനുമെല്ലാം ഭീമന്റെ മനസ്സിലൂടെ മിന്നിമായുന്നുണ്ട് .പലരുടെയും പിതൃത്വമടക്കം എം.ടി.നോവലിലൂടെ ചോദ്യം ചെയ്യുന്നുണ്ട്.വ്യാസഭാരതത്തിന്റെ സർഗാത്മഗക പുനഃസൃഷ്ടിയായ 'രണ്ടാമൂഴം' മലയാളത്തിന് കൂടുതൽ അഭിമാനമുളവാക്കുന്ന ഒരു നോവൽ തന്നെയാണ്.

ആനിക

# മഹിതമാകുന്ന മലയാളം

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നിതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ"
[വള്ളത്തോൾ ]

ഭാഷ ഒരു ചിഹ്നവ്യവസ്ഥയാണ്. വികാരങ്ങൾക്കും വിചാരങ്ങൾക്കും രൂപം നൽകുന്നതിന് വ്യക്തി ഉപയോഗിക്കുന്ന വ്യവസ്ഥ. ജനിക്കുന്ന ഓരോ കുഞ്ഞിലും നൈസർഗികമായി ഈ ചിഹ്നവ്യവസ്ഥയുണ്ട്. അമ്മ നൽകുന്ന ഉത്തേജനം വ്യവസ്ഥയെ ഉണർത്തും. അമ്മയുടെ ഭാഷ കുട്ടിയിലുള്ള നൈസർഗിക ചിഹ്നവ്യവസ്ഥയെ രൂപപ്പെടുത്തും. ഇതാണ് അവന്റെ മാതൃ ഭാഷ. മലയാളിയായ അമ്മയും അച്ഛനും ഇംഗ്ലണ്ടിലാണ് വാസം. ജനിക്കുന്ന കുഞ്ഞിനോട് ഒരുവാക്കുപോലും മലയാളത്തിൽ പറയാതെ ഇംഗ്ലീഷിലാണ് അവർ സംസാരിക്കുന്നതെങ്കിൽ കുഞ്ഞിന്റെ മാതൃഭാഷ ഇംഗ്ലീഷുതന്നെയായിരിക്കും.

ഭാഷ അനുകരണത്തിലൂടെ കുട്ടി സ്വായത്തമാക്കുന്നു. സഹജമായ പ്രേരണാശക്തി ഇതിനാവശ്യമാണ്. ഭാഷ ആശയങ്ങൾക്കും വസ്തുക്കൾക്കും പകരം വയ്ക്കുന്ന പ്രതീകങ്ങളായാൽ സുപരിചിത സാഹചര്യങ്ങളും അനുഭവങ്ങളും ഭാഷാപരമായ നൈപുണ്യങ്ങൾ നേടുന്നതിന് ത്വരിതശക്തിയായി പ്രവർത്തിക്കുന്നു. മാതൃഭാഷയ്ക്ക് പകരം വയ്ക്കാൻ ഈ അർത്ഥത്തിൽ മറ്റൊന്നും തന്നെയില്ല.

മാതൃഭാഷ വികാരത്തിന്റെ ഭാഷയാണ്. വൈകാരികതലത്തെ സ്പർശിച്ചുണരുന്ന വൈജ്ഞാനികവികാസം ഗാഢവും ദീപ്തവുമാണ്. കേവലമായ അറിവിനപ്പുറം ജീവിതാനുഭവങ്ങളിലൂടെ സ്വാംശീകരിക്ക - പ്പെടുന്ന വിജ്ഞാനത്തിലുള്ള ദാർഢ്യം മാതൃഭാഷാപരമായ വിദ്യാഭ്യാസം അതിൽ നിന്നും ലഭ്യമാണ്. കേവല വസ്തുക്കളും അക്കങ്ങളും ശേഖരിക്കു -
കയല്ല വിദ്യാഭാസത്തിന്റെ ലക്ഷ്യം. വൈകാരികവികസനവും,വൈകാ -
രികവിമലീകരണവും വർത്തനവ്യതിയാനത്തിൽ അവിഭാജ്യ - ഘടകമാണ്.

അറിവ് ഗ്രഹിക്കാനും,അവ പ്രസക്തതലത്തിൽ പ്രയോഗിക്കാനും അറിവിന്റെ അംശങ്ങൾ അപഗ്രഥിക്കാനും വിലയിരുത്താനും കഴിയു -
മ്പോൾ സമഗ്രമായ വിജ്ഞാനസമ്പാദനമാകുന്നു. അന്യഭാഷയിൽക്കൂടി ഈ ഘട്ടങ്ങൾ പൂർണമായും തരണം ചെയ്ത് പ്രതീക്ഷിതഫലം സ്വായത്തമാക്കുക പ്രയാസമാണ്. അപരിചിതമായ അറിവിനെ സുപരിചിതമാക്കാൻ ശ്രമിക്കുമ്പോൾ മാതൃഭാഷയുടെ ആത്മബന്ധം ഏറെ സഹായിക്കുമ്പോൾ , അന്യഭാഷാമാർഗം പല

തടസ്സങ്ങളും സൃഷ്ടിക്കുന്നു.
അറിവിന്റെ ഉപരിതലമോ ബാഹ്യമോ ആയ രൂപത്തിനപ്പുറം സ്വന്തം ചിന്താതലങ്ങളിലൂടെ കടന്ന് സ്വയം വളരുവാനുള്ള അവസരം ഇതുമൂലം ലഭിക്കുന്നില്ല.

മാതൃഭാഷ ചിന്തയുടെ ഏകകമാണ്. വികാരങ്ങളും ചിന്തകളും പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ചിന്തയുടെ പിൻബലമില്ലാതെ മനസ്സിലടുക്കി വയ്ക്കുന്ന ആശയങ്ങളും തത്വങ്ങളും വ്യക്തിയുടെ ഭാവിജീവിത മുഹൂർത്തങ്ങളിൽ വേണ്ടത്ര പ്രയോജനവും ചെയ്യുന്നില്ല. ഇത് ഒരു വ്യക്തിത്വ പ്രശ്നം കൂടിയാണ്. ഒരു വ്യക്തിയെ അവനായിത്തന്നെ പരിപൂർണതയിൽ എത്തിക്കുവാൻ ഏച്ചുകെട്ടിയ ഒരു ശീലവും സഹായിക്കുകയില്ല. നിരന്തരമായ പരിശീലനം കൊണ്ട് ഏതു ഭാഷയിലും നൈപുണ്യം നേടാൻ നമുക്കു കഴിയും. പക്ഷേ വികാരത്തി -
ന്റെയും,ചിന്തകളുടെയും കലവറയിൽ അന്യഭാഷയ്ക്ക് കടന്നു ചെന്ന് പ്രതികരണം നടത്താൻ സാധ്യമല്ല. ചിന്താശൂന്യമായ മസ്തിഷ്കത്തോടെ ഏതു ബിരുദാനന്തര സർട്ടിഫിക്കറ്റുമായി നാം നടന്നാലും അത് വേണ്ടത്ര ഫലമുണ്ടാക്കുകയില്ലന്നത് വ്യക്തമാണ്.

നാം ജീവിക്കുന്ന നാടിന്റെ സവിശേഷതകൾ എല്ലാം മാതൃ ഭാഷയി-
ലുമുണ്ട്. മാതൃഭാഷാ സാഹിത്യത്തിൽ ഇവിടുത്തെ ജനങ്ങളുടെ ജീവിതം പ്രതിബിംബിക്കുന്നു. ഈ നാടിന്റെ സംസ്കാരം അറിയാൻ അവനെ സയായിക്കുന്നതും മാതൃഭാഷയാണ്. നാടിന്റെ സംസ്കാരം അറിയുന്നതിലൂ-
ടെ , സ്വന്തം പൈതൃകം ഉൾക്കൊള്ളുന്നതിലൂടെ അവൻ രാജ്യസ്നേഹിയാ - യി മാറുന്നു. അത്തരമൊരു കുട്ടി തന്റെ നാടിന്റെ പ്രശ്നങ്ങളെ കുറിച്ച് ആഴത്തിൽ ചിന്തിക്കും. ഇതേ സമയം മാതൃഭാഷ ഉപേക്ഷിക്കേണ്ടി വരുന്ന ഒരവസരം വന്നാൽ അവൻ സ്വന്തം നാടിനേയും മറക്കും. സഹജമായ ഒരു മാനസിക ഭാവമാണത്.

മാതൃഭാഷ പ്രകൃതിസിദ്ധവും അന്യഭാഷാനൈപുണ്യങ്ങൾ കൃത്രിമമാണെന്നും പറയാം . ഭാഷ ഭാഷണം ചെയ്യാനുള്ളതാണ്. നാവിൽ
നിന്ന് കാതിലേക്ക് കടന്ന് ഹൃദയത്തിലൂടെ ബുദ്ധിയിലെത്തി തിരിച്ച് നാവിലൂടെ പുറത്ത് വരുന്ന ഭാഷയാണ് ജീവൽ ഭാഷ. ഇതാണ് സംഭാഷണഭാഷയുടെ ജീവൻ. മനുഷ്യനെ മനുഷ്യനാക്കുന്നതും ഭാഷതന്നെ.

"അതിനാൽ ഭാര്യതൻ
പേരങ്ങിംഗ്ലണ്ടിൽ തന്നെയാക്കിഞാൻ"

-കുഞ്ഞുണ്ണിമാഷ്.

ഭാഷയുടെ പ്രാധാന്യം ഇത്തരം സാഹിത്യസൃഷ്ടികളിൽ നിന്നും വ്യക്തമാണ്. ഭാഷ സംസ്കാര വികസത്തിനും, സംസ്കാര പ്രസാരണത്തി-
നും മാധ്യമമായി വർത്തിക്കുന്നു. വീടും, നാടും അന്യമായിക്കാണുന്ന ഇളം തലമുറയുടെ മാതൃഭാഷാ വൈമുഖ്യം നാം ശ്രദ്ധിക്കാതിരുന്നിട്ട് കാര്യമില്ല.
സ്വന്തം തനിമയോടും, സ്വന്തം പൈതൃകത്തോടും ആന്തരികമായി വളർ-
ന്നുവരേണ്ട മമതാബോധത്തെ നിരോധിച്ചുകൊണ്ടുള്ള ശീലങ്ങളും അഭ്യാസനമുറകളും ഋണബദ്ധരായ ഒരു തലമുറയെ വാർത്തെടുക്കുവാനേ

പര്യാപ്തമാവുകയുള്ളൂ. മാതൃഭാഷബന്ധം വ്യക്തിപരവും, സാമൂഹികവുമായ അനവധി ശീലങ്ങൾക്കും, മൂല്യബോധങ്ങൾക്കും അടിത്തറയാണ്. ഇത് മനസിലാക്കുകയും വേണ്ടവിധം കെട്ടുറപ്പുള്ളതാക്കി തീർക്കുകയും ചെയ്യുക
എന്നത് ഭാവി തലമുറയോട് കൂറുള്ള ഓരോ വ്യക്തിയും, കുടുംബവും രാഷ്ട്രവും നിർവ്വഹിക്കേണ്ട സുപ്രധാന കർത്തവ്യമാണ്.

ശക്തി സൗന്ദര്യങ്ങളോടെ നമ്മുടെ ഭാഷ വാമൊഴി,വരമൊഴി ചന്തങ്ങളിൽ അനന്തകാലം നിലനിൽക്കാനും അകന്നുപോകുന്നവരെ മലയാളത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും എന്ത് ചെയ്യണമെന്ന ആലോചനയുണ്ടായി. ഭാഷാസംരക്ഷണമെന്ന വലിയ ആശയത്തിന്റെ പ്രകാശപൂർണമായൊരു സാഫല്യമായി മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചു.

പല കടമകളും കടന്ന് ഇപ്പോഴെങ്കിലും മലയാളത്തിനും ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത് ഭാഷാ പ്രണയികളായ നമ്മുടെ നായകർ ഒത്തുചേർന്ന് വിയർപ്പൊഴുക്കിയതിന്റെ ഫലമായാണ്. ശ്രേഷ്ഠഭാഷാപ്രഖ്യാപനമറിഞ്ഞ് മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി പറഞ്ഞ വാക്കുകൾ ഇന്നും എന്നും നമ്മുടെ മനസ്സിലുണ്ടാവണം. "നാം ഏക ശില പോലെ ഒത്തു നിന്നാലേ നമ്മുടെ ദേശത്തിന്റെ ഭാഷയ്ക്കും , സംസ്കാരത്തിനും അർഹിക്കുന്ന അന്തസ്സും,അംഗീകാരവും എവിടെ നിന്നായാലും ലഭിക്കുകയുള്ളൂ."ആ ആത്മ ബന്ധങ്ങളും ഹൃദയാവസ്ഥ -
യ്ക്കനുസൃതമായി പൂർണതയോടെ നിർവ്വഹിക്കുവാൻ മാതൃഭാഷ തന്നെയാണ് ഫലപ്രദമായ ഉപാധി. ഭാഷ ഒരു സാമൂഹിക ഉപകരമാണ്.
ബന്ധങ്ങൾ ഉടലെടുക്കുന്നത് സംഭാഷണങ്ങളിലൂടെയാണെന്ന് കാളിദാസൻ പറയുന്നു.
("സംബന്ധമാഭാഷണ പൂർവമാഹു"-രഘുവംശം)

മാതൃഭാഷയുടെ പ്രധാന്യം വെളിപ്പെടുത്തുന്നതിനുവേണ്ടി നിരവധി കാവ്യ സൃഷ്ടികൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലത് നമുക്കു പരിചയപ്പെടാം.

" തന്നതില്ല പരനുള്ളുകാട്ടുവാൻ
ഒന്നുമേനരനുപായമീശ്വരൻ
ഇന്നുഭാഷയിതപൂർണ്ണമങ്ങഹോ
വന്നുപോം പിഴയുമർഥശങ്കയാൽ"
- കുമാരനാശാൻ

"അമ്മയും അച്ഛനും പ്രണയിച്ച ഭാഷ
മലയാളം.
കുമ്പിളിൽ കഞ്ഞി വിശപ്പകറ്റുവാൻ
വാക്കുതന്ന മലയാളം.
പെങ്ങളോടൊപ്പം പറഞ്ഞു തളിർക്കുവാൻ

വന്ന മലയാളം
കൂലിപോരെന്നതറിഞ്ഞു പിണങ്ങുവാൻ
ആയുധം തന്ന മലയാളം"
-കുരിപ്പുഴ ശ്രീകുമാർ

“എവിടെ വാക്കുകൾ ?എന്റെ
ബാല്യത്തിന്റെ
കളിയിടങ്ങളിലെ മഞ്ചാടിമുത്തുകൾ
വളമുറികൾ ,മിഠായികൾ,ശംഖുകൾ
ഒളിവിലെൻ പീലിപെറ്റ നറുങ്ങുകൾ?
എവിടെ വാക്കുകൾ?”
-സുഗതകുമാരി .
“കീഴടക്കുവാൻ ഗർവ്വാൽ
ചവിട്ടിതാഴ്ത്താത്ത എത്ര കാലുകൾ,
വൈദേശികവാണികൾ നിണ്ടെന്നാലും
ഇല്ലനാഥയാകില്ലെ -
ന്നമ്മ , യെന്നല്ലേ പെയ്യും
കണ്ണീരിനടിയിലും
ധീരമീ ശബ്ദം ചൊൽവൂ. ”
- സച്ചിദാനന്ദൻ .
“എൻമകനേതു വിദേശത്തുവാഴ്കിലും
നിൻമനക്കാമ്പിലീയോർമ്മവേണം
എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ
യന്യമാം ഭാഷവിരുന്നുകാരി. ”
- വള്ളത്തോൾ
സത്യമാണിവിടെ തെളിഞ്ഞിരിക്കുന്നത്.
കേരളത്തിന്റെ ഏതവകാശവും നേടിയെടു
ക്കാൻ ഈ നിലപാട് ആവശ്യമാണെന്ന
ശക്തമായ സൂചനയാണിത് .”
ആഹ്ലാദിക്കാം. അഭിമാനിക്കാം.
ഒപ്പം പ്രാർത്ഥിക്കുകയും ചെയ്യാം:
അഴകെഴും മലയാളത്തിന്റെ അനസ്യൂതി
ഒരിക്കലും ഇടറാതിരിക്കട്ടെ .

നവ്യ

# Be on Time

Time and tide waits for none.
If you want to be someone
Then you should know the value of time.
One who does not know it,
Can't be a responsible  citizen.
So we need to do the work on time.
Time is important , time is precious
So don't waste your time.

by
sayanth

# മകൾ

## കഥ

പുറത്ത് ശക്തമായ മഴ പെയ്യുകയാണ്,അവളുടെ മനസ്സിലും.ഇതൊന്നും അറിയാതെ നിഷ്കളങ്കമായി ഉറങ്ങുകയാണ് അവളുടെ കൊച്ചു കുഞ്ഞ്.  ആ മുഖത്തേക്ക് നോക്കാൻ കഴിയാതെ അവൾ മുഖം മറച്ചുകളഞ്ഞു.പാർവ്വതി ആ കൊച്ചു കുഞ്ഞിനെ പ്രസവിച്ച് മൂന്ന് ദിവസം തികച്ച് കഴിഞ്ഞിട്ടില്ല.

ആദ്യമായ് അമ്മയാവുന്നതിലുള്ള  സന്തോഷം ഗർഭിണിയായപ്പോഴെ തുടങ്ങിയതാണ്.പക്ഷെ, ഇപ്പോൾ അവൾ തികച്ചും ഉത്കണ്ഠയിലാണ്..
താനും ശിവനും ഇവളെപ്പറ്റി നെയ്തുകൂട്ടിയ സ്വപ്നങ്ങൾ കുറച്ചൊന്നുമല്ല.പക്ഷെ എല്ലാം തകരുക യാണെന്ന ഒരു തോന്നൽ .കൃത്യമായി താനുറങ്ങിയിട്ട് മൂന്ന് ദിവസമായി. ഇവൾ ജനിച്ച പ്പോൾ തൊട്ട് ഇവൾക്ക് കാവലാണ്.മൂന്ന് ദിവസം പ്രായമായ കുഞ്ഞാണെന്നുപോലും നോക്കാതെ പിച്ചി ചീന്തിയേക്കും കാമഭ്രാന്തന്മാർ . വയ്യ...........
എത്രനാൾ ഇങ്ങനെ കാവലിരിക്കും. താൻ കാവലിരുന്നാൽ തന്നെ ഇവളെ റാഞ്ചിക്കൊണ്ടു പോവില്ലെന്ന് എന്താണ് ഉറപ്പ്. തള്ളക്കോഴി കുട്ടികളെ സംരക്ഷിക്കുന്നതു പോലെ എത്ര നാൾ?
തള്ളക്കോഴികൾ തന്റെ കുഞ്ഞിനെ നോക്കുന്നതി നേക്കാൾ ശ്രദ്ധ  പുലർത്തിയാലും.......

അച്ഛനിൽ നിന്നും സഹോദരന്മാരിൽ നിന്നും അപ്പൂപ്പനിൽ നിന്നും അമ്മാവന്മാരിൽ നിന്നും ഇവളെ ഞാനെങ്ങനെ മറച്ചുവയ്ക്കും. വിദേശത്തുള്ള
ഭർത്താവിന് ജോലി ഉപേക്ഷിച്ച് ഇവൾക്ക് കാവലിരിക്കാൻ പറ്റുമോ? കാപാലികന്മാരുടെ തീക്ഷ്ണ വെറി പിടിച്ച കണ്ണുകൾ എത്താത്ത ഏത് ഇരുട്ട് മുറിയിൽ വച്ച് ഇവളെ വളർത്തും.ഇനിയൊരു സൗമ്യയായ് ഇവൾ മാറില്ലെന്നാരു കണ്ടു.  പുരുഷന്മാരുടെ കരാളഹസ്തങ്ങളിൽ അമർന്നാൽ ഇവളെ സമൂഹത്തിന് മുന്നിൽ വീണ്ടും പിച്ചിചീന്താൻ മാധ്യമപ്പടകൾ മത്സരിക്കില്ലെന്നാരുകണ്ടു? കുഞ്ഞേ, ചെകുത്താന്മാരുടെ ഈ നാട്ടിൽ ഒരു പെൺക്കുഞ്ഞായി നീ എന്തിന് ജനിച്ചു. നാളത്തെ
സുപ്രഭാതം നിന്റെ കഴിവുകൾ ആഗ്രഹിക്കുന്നുണ്ടാവാം.പക്ഷേ അതിനുള്ളിൽ നിഷ്കളങ്കമായ മുഖം നാളത്തെ സുപ്രഭാതത്തിൽ വഴിയോരത്ത് എരിഞ്ഞടങ്ങിയേക്കും.

ദൈവം! ഇവരും നിന്റെ കരങ്ങളിൽ നാളെ
തന്നെ സമാശ്വസിക്കുമോ? മക്കളേ അടുത്ത ജന്മത്തിലെങ്കിലും പുരുഷനായി ജനിക്കാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കട്ടെ. മുലപ്പാലിന്റെ മണം
മാറാത്ത ചോര തുടിക്കുന്ന ആ കുഞ്ഞിനെ  ഉമ്മത്തിൽ കായ തീറ്റിച്ചവൾ കൊന്നു. ഒരു പക്ഷേ നാളെ ഇവൾ ഒരുത്തന്റെ കയ്യിൽ പിച്ചിചീന്തപ്പെടുന്നതിലും നല്ലത് ഇതല്ലേ. ശോഭമങ്ങിയ മുഖം നോക്കി തേങ്ങിയ പാർവതി ബാക്കി വന്ന ഉമ്മത്തിൽ കായ തിന്ന് ആത്മഹത്യയ്ക്കു കീഴടങ്ങി .

ആവണി

# ഭ്രാന്തി

## കവിത

മലിനവസ്ത്രത്തിൽ സ്വത്വം കാണിച്ച്
പരുപരുത്ത ചെമ്പൻ മുടിയിൽ
നിരാലംബത കോർത്ത് ഭ്രാന്തിയിരുന്നു
മുന്നിലെപ്പിച്ചപ്പാത്രത്തിൽ
ഉതിർന്നു വീഴുന്ന നാണയത്തുട്ട് കാണാതെ
കീറത്തുണിയിൽ ജീവച്ഛവങ്ങളായ
കുഞ്ഞുവയറുകൾ അലട്ടാതെ
മാതൃഹൃദയം ചിരിച്ചു കുഴഞ്ഞാടി
ഇടയ്ക്കെന്തോ പിറുപിറുക്കെ
തെരുവിന്റെ  ബാല്യം
ഇമയനക്കാൻ പോലും വയ്യാതെ
കിറത്തുണിയിൽ ഈച്ചയെ തീറ്റി
ഒരു പെഴ്ഗവീഗിയ പുരുഷത്വം
ജീവബീജം വീണ്ടും കുത്തിനിറക്കെ
അവൾ പലതും പറഞ്ഞു ചിരിച്ചു
ജീവിതത്തിന്റെ ട്രാക്കിൽ
കുതിച്ചോട്ടം തിരക്കിൽ
അലിവു പേറുന്നോർക്ക് നിമിഷനേരം
ഹൃദയനൊമ്പരമായത് പരിണമിച്ചു
പുതിയ ബാല്യവും വരണ്ട സ്നേഹവും
ഒഴിഞ്ഞ വയറും പേറി നിൽക്കെ
പിതൃത്വം പുതിയ മേച്ചിൽപ്പുറങ്ങൾ തേടി
തെരുവു സഞ്ചാരം തുടർന്ന്കൊണ്ടിരുന്നു

ആദിത്യ